**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**01 FEBRUARY 2019**
**25 JAMAD'UL AWWAL 1440 AH**

# SIGNS FOR THE ULUL-AL-BAAB
## ബുദ്ധിമാൻമാർക്ക് ദൃഷ്ടാന്തങ്ങൾ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ബുദ്ധിമാൻമാർക്ക് ദൃഷ്ടാന്തങ്ങൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അല്ലാഹുവിന്റെ അനുമതിയോടു കൂടിയല്ലാതെ ഒരാൾക്കും വിശ്വസിക്കാനാവുകയില്ല. ബുദ്ധി ഉപയോഗിക്കാത്തവരുടെ മേൽ അവൻ മാലിന്യം/ദൂഷണം ഇറക്കുന്നു. (യൂനുസ് 10:101)

അൽഹംദുല്ലില്ലാഹ്! സുമ്മഅൽഹംദുലില്ലാഹ്! അല്ലാഹു(ത) അവന്റെ ദൃഷ്ടാന്തങ്ങൾ അസാധാരണമായ നിലയിൽ ഇറക്കുന്നു. ചിലപ്പോൾ വളരെ നിസ്സാരമായതും, ഊഹിക്കാൻ കഴിയാത്തതുമായ നിലയിലുള്ള സാധനങ്ങളിലൂടെയായിരിക്കും. വളരെ അത്ഭുതകരമായ നിലയിൽ അവന്റെ ദൃഷ്ടാന്തങ്ങൾ അവന് കാണിക്കുവാൻ കഴിയുന്നതാണ്. തീർച്ചയായും അല്ലാഹു(ത) താനുദ്ദേശിക്കുന്നവരെ, നേരായ പാതയിൽ അവൻ വഴികാണിക്കുന്നു. അവൻ അവന്റെ ദാസന്മാരെ വഴികാണിക്കുമ്പോൾ, അവൻ അവർക്കായി ആത്മീയ ജ്ഞാനങ്ങളുടെ വാതിലുകൾ തുറന്നു കൊടുക്കുന്നു, അതു ചിലപ്പോൾ മറ്റുള്ളവരുടെ ദൃഷ്ടിയിൽ വളരെ നിസ്സാരമെന്നും അപ്രധാനമെന്നും തോന്നാം. എന്നാൽ അവർക്കവൻ പ്രസ്തുത നിസ്സാരതയിൽ അടങ്ങിക്കിടക്കുന്ന തത്വം ഗ്രഹിപ്പിക്കുന്നു. അവർക്ക് അതിന്റെ പ്രാധാന്യം അവൻ വ്യക്തമാക്കിക്കൊടുക്കുന്നു.

കുറച്ചാഴ്ചകളായി, എനിക്ക് രണ്ട് വീഡിയോകൾ ലഭിക്കുകയുണ്ടായി. പ്രസ്തുത വീഡിയോകളിൽ, അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ നാലാം ഖലീഫ, രണ്ട് സംഭവങ്ങളെപ്പറ്റി സംസാരിക്കുന്നതാണ് വിഷയം. ഒന്ന്, അദ്ദേഹത്തിന്റെ ദർസുൽ ഖുർആനാകുന്നു. അത് 1995 ഫെബ്രുവരി 19ന് നടത്തിയതാകുന്നു. രണ്ടാമത്തേത് 2000ൽ നടത്തിയ വാർഷിക സമ്മേളനത്തിന്റെ അവസാന ദിവസത്തെ പ്രഭാഷണമാണ് എന്റെ അനുചരന്മാരായ, മുകർറം നാഇബ് അമീർ ഹാരിസ് സാഹിബ്, മുകർറം നാഇബ് അമീർ സലിം സാഹിബ്, മുകർറം നാഇബ് അമീർ ഫസിൽ ജമാൽ സാഹിബ് ഇവരോടുള്ള നന്ദി ഞാൻ ഇവിടെ പ്രകാശിപ്പിക്കുകയാണ്. ഈ വീഡിയോയെപറ്റി എനിക്കറിവ് തന്നത് ഇവരാണ്. പ്രസ്തുത വീഡിയോയുടെ ഇംഗ്ലീഷ്, തമിഴ് പരിഭാഷയും ലഭ്യമാക്കുകയുണ്ടായി. വിശിഷ്യാ നാലാം ഖലീഫ 19-02-1995ൽ നടത്തിയ ദർസ്ൽ ഖുർആൻ വീഡിയോ!

എല്ലാ സത്യാന്വേഷികളോടും ഞാൻ ഊന്നിപ്പറയുവാൻ ആഗ്രഹിക്കുകയാണ്, എല്ലാ ബുദ്ധിമാൻമാരോടും ഞാൻ തറപ്പിച്ചു തന്നെ പറയുകയാണ്. ചില ദൃഷ്ടാന്തങ്ങൾ അല്ലാഹു(ത) പ്രകടിപ്പിക്കുന്നത് അപ്രതീക്ഷിതമായ നിമിഷങ്ങളിലായിരിക്കും, ഈ ദൃഷ്ടാന്തങ്ങൾ, ഭാവിയിൽ ചില സന്ദർഭങ്ങളിൽ, അവയ്ക്ക് വമ്പിച്ച പ്രാധാന്യമുണ്ടായിരിക്കും.

1995 ഫെബ്രുവരി മാസം 19-ാം തീയതി നടത്തിയ ദർസുൽ ഖുർആന്റെ അന്ത്യഭാഗത്ത് ഹസ്രത് മിർസാ താഹിർ അഹ്മദ്(അല്ലാഹു(ത) അദ്ദേഹത്തിന് മാപ്പ് ചെയ്യട്ടെ) പറഞ്ഞു. അദ്ദേഹം ഹസ്രത് മുസ്ലിഹ് മൗഊദ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)ന്റെ ഒരു വാക്ക് എടുത്തുദ്ധരിക്കുകയുണ്ടായി. അതായത് 1938 ജാനുവരി 07-ാം തീയതി വെള്ളിയാഴ്ച ഖുത്തുബയിൽ അദ്ദേഹം (മുസ്ലിഹ് മൗഊദ് (റ) പറയുകയുണ്ടായി. ആ ദിനങ്ങൾ വളരെ വിദൂരതയിലല്ല. ഒരാൾ ഒരു സ്ഥലത്തിരുന്ന് മുഴുവൻ ഭരണവും നിർവ്വഹിക്കുവാൻ കഴിയുന്ന ദിനം!

പ്രസ്തുത പ്രഖ്യാപനം നടത്തുന്ന സമയം ഹസ്രത് മിർസാ താഹിർ അഹ്മദിന് 9 വയസ്സ് പ്രായമായിരുന്നു. അദ്ദേഹം പറയുന്നു പ്രസ്തുത സമയത്ത്, ഖാദിയാനിലെ മസ്ജിദ് അഖ്സായിൽ 1938 ജാനുവരി 07-ാം തീയതി ആദ്യമായി ലൗഡ്സ്പീക്കർ സ്ഥാപിക്കുക

യുണ്ടായി. അതേതുടർന്ന് മുസ്ലിഹ് മൗഊദ് (റ) ജനുവരി 07-ാം തീയതി ആദ്യമായി ലൗഡസ്പീക്കറിലൂടെ പ്രഥമ പ്രസംഗം നിർവ്വഹിക്കുകയുണ്ടായി. എന്നിട്ട് ഹസ്രത് മിർസാതാഹിർ അഹ്മദ്, തന്റെ തന്നെ ഉദാഹരണം എടുത്തു പറയുകയുണ്ടായി. അദ്ദേഹം പറയുന്നു, അദ്ദേഹത്തിന്റെ ഈ കാലത്ത്, അതായത് 1994 ജാനുവരി 07-ാം തീയതി, ആദ്യമായി, മുസ്ലിം ടെലിവിഷൻ അഹ്ദിയ്യാ ഇന്റർനാഷണലിന് തുടക്കം കുറിക്കുകയുണ്ടായി 24/07 മൗറിഷ്യസിൽ നിന്നും!

ഈ അസാധാരണമായ നിമിഷത്തെ ഞാൻ മറക്കുകയില്ല. എന്റെ മാതൃരാജ്യമായ മൗറിഷ്യസിൽ നിന്നും ആരംഭിച്ച എം.ടി.എ. ഇന്റർനാഷണലിനെ! പ്രസ്തുത ദിവസം എന്റെ ജന്മദിനമാണ്, അന്നെനിക്ക 33 വയസ്സ് പ്രായമായിരുന്നു. ഈ ചരിത്ര മുഹൂർത്തത്തെ, പ്രസ്തുത ദിനത്തിൽ, അല്ലാഹു(ത) തെരഞ്ഞെടുക്കുകയായിരുന്നു. ഞങ്ങളുടെ ഈ കൊച്ചുരാജ്യത്ത് / മൗറിഷ്യസിൽ ഈ ലോകസംഭവം പ്രകടിപ്പിക്കുവാൻ തെരഞ്ഞെടുത്തത് ജനുവരി 07നും! ഈ സംഭവം അരങ്ങേറുമ്പോൾ, അല്ലാഹു(ത) എന്റെ മനസ്സിൽ ഇട്ടുതന്നു (ഇത് അല്ലാഹു(ത) എന്റെ മനസ്സിൽ ഇട്ടുതരികയാണെന്ന് അപ്പോൾ എനിക്കറിയില്ലായിരുന്നു) അവൻ എന്നെ ചിന്തിപ്പിച്ചു. ഇൻഡ്യയ്ക്ക് ശേഷം, ഇൻഡ്യയ്ക്ക് പുറത്ത് സ്ഥാപിക്കപ്പെട്ട പ്രഥമ കേന്ദ്രം ലണ്ടനിലായിരുന്നു. (യു.കെ.) ഇംഗ്ലണ്ടിന് ശേഷം മൗറിഷ്യസിലായിരുന്നു. എല്ലാ നിലയിലും, ഈ ബഹുമതി ലഭിച്ചത് അതായത് ഹസ്രത് മസീഹ് മൗഊദ് (അ)ന്റെ സന്ദേശം ഇംഗ്ലണ്ടിന് ശേഷം ലഭിച്ചത് മൗറിഷ്യസിലായിരുന്നു. അന്നുമുതൽ മൗറിഷ്യസിൽ ജമാഅത്ത് അഹ്മദിയ്യാ നിലനില്ക്കുന്നു. അങ്ങനെ ലണ്ടനുശേഷം, എം.ടി.എ. ആഗോളമായി മൗറിഷ്യസിൽ നിന്നും ദിവസവും 24 മണിക്കൂറും 1994 ജനുവരി 07 മുതൽ പ്രക്ഷേപണം ചെയ്യുന്നു. ഈ കാര്യങ്ങൾ പരേതനായ ഹസ്സൻ രാംജാനുമായി പങ്കുവെച്ചിട്ടുണ്ട്. ഈ കാര്യത്തിൽ അദ്ദേഹം എന്നോട് വളരെ വലിയ ബഹുമാനമായിരുന്നു അതുപോലെ എനിക്കും അദ്ദേഹത്തോട് വളരെ വലിയ ആദരവായിരുന്നു.) അദ്ദേഹം, അദ്ദേഹത്തിന്റെ സ്വന്തം നിലയിൽ, ഈ കാര്യങ്ങളൊക്കെ ഹസ്രത് മിർസാ താഹിർ അഹ്മദിന്റെ പ്രതിനിധി സംഘത്തോട് പറഞ്ഞിട്ടുള്ളതുമാകുന്നു. (മാജിദ് താഹിർ, മുനീർ ജാവേദ്, മേജർ തുടങ്ങിയവർ) ഈ വിശദീകരണം ഖലീഫയുടെ ചെവികളിലെത്തിയപ്പോൾ, ഈ ചിന്തകൾ അദ്ദേഹം അംഗീക

രിക്കുകയും, പിന്നീട് അദ്ദേഹം ഇത് ലോകത്തോട് പങ്കുവെയ്ക്കുകയും ചെയ്തു.

ഇതേ ചിന്തകൾ, പരേതനായ ഭയ്യെ ഹസ്സൻ രാംജാൻ, മൗറിഷ്യസിലെ ഔദ്യോഗിക ഭാരവാഹികളുമായി പങ്കുവെച്ചിട്ടുണ്ട്. എന്നാൽ അവർ ഈ കാര്യം അവർ പരിഗണനയ്ക്കെടുത്തില്ല. അവരിത് കേട്ടതായി ഭാവിച്ചില്ല. അവർ ഇതിന് ഒരു പ്രാധാന്യവും കൊടുത്തില്ല. കാരണം ആ സമയത്ത് അവർ എന്നെ കണ്ടത് ജമാഅത്തിന്റെ വെറും ഒരു ഡ്രൈവർ മാത്രമായിട്ടാണ്. പരേതനായ ഭയ്യ ഹസ്സൻ രാംജാൻ, വൈകുന്നേരം എന്നെ വീണ്ടും കണ്ടു. (അതായത് പ്രസ്തുത വെള്ളിയാഴ്ച 7 ജനുവരി 1994) മഗ്രിബ് നമസ്ക്കാരത്തിന് മുൻപ് അദ്ദേഹം നടന്ന കാര്യം എന്നോടു പങ്കുവെച്ചു. അതായത് മൗറിഷ്യസിലെ ജമാഅത്തിലെ ചില ഔദ്യോഗിക ഭാരവാഹികളുമായി ഈ ചിന്തകൾ പങ്കുവെച്ചപ്പോൾ, അവരത് പരിഗണിച്ചതേയില്ല. ആ സമയത്ത് പരേതനായ ഭയ്യഹസ്സൻ രാംജാന്, എന്നോട് വളരെ വലിയ സ്നേഹാദരവായിരുന്നു. എന്റെ തബ്‌ലീഗ് പ്രവർത്തനം സംബന്ധിച്ച് അദ്ദേഹം ധാരാളം എന്നോട് സംസാരിച്ചിരുന്നു. എന്റെ തബ്‌ലീഗ് പ്രവർത്തനങ്ങളുടെ കഥകൾ കേട്ടശേഷം പ്രസ്തുത സംഭവങ്ങൾ, അദ്ദേഹം ജമാഅത്ത് വാർഷിക സമ്മേളനത്തിലും മറ്റു യോഗങ്ങളിലും അദ്ദേഹത്തിന്റെ പ്രഭാഷണമദ്ധ്യേ എടുത്തു പറയുമായിരുന്നു.

ഇപ്പോൾ മൗറിഷ്യസിൽ ഉണ്ടായ ദൈവീക ദൃഷ്ടാന്തത്തോടെ, ജനുവരി 7-ാം തീയതിയിലെ, ഹസ്രത് മസറീഹ് മൗഊദ് (അ)ന്റെയും മുസ്ലീഗ് മൗഊദ് (റ)ന്റെയും എല്ലാ പ്രവചനങ്ങളുടെയും, അടിസ്ഥാനത്തിൽ അവർക്ക് ശേഷം റൂഹുൽ ഖുദ്സിയുമായി വരുന്ന മിസിഹാമാരുടെയും, പരിഷ്ക്കർത്താക്കളുടേയും വരവ് സംബന്ധമായി, പ്രവചനം ചെയ്ത കാര്യം, ഞാനിന്ന് നിങ്ങളോട് ശക്തമായി പറയുവാൻ ആഗ്രഹിക്കുകയാണ്. അസാധാരണമായ നിലയിൽ, അതേ തീയതിതന്നെ, ഈ അനുഗൃഹീതമായ വാക്കുകളെ അവൻ പൂർത്തീകരിച്ചിരിക്കുന്നു. അവൻ അത് പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു. അവൻ തെരഞ്ഞെടുത്ത ദൂതനിലൂടെ, ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലായിലൂടെ! 1961 ജനുവരി 07-ാം തീയതി ഞാൻ ജനിച്ച തീയതിയാണ് എന്നതു മാത്രമല്ല ഹസ്രത് മിർസാ താഹിർ അഹ്മദിന്റെ കാലഘട്ടത്തിൽ ഈ മഹത്തായ സംഭവം

അരങ്ങേറി എന്നതും അല്ലാഹു(ത) അവന്റെ പ്രകാശത്തിന്റെ സഞ്ചാരപഥം തിരിച്ചുവിടപ്പെടുകയുണ്ടായി. മനുഷ്യന്റെ വോട്ടില്ലാതെ, അവൻ അവന്റെ ദാസനെ ഉയർത്തുകയുണ്ടായി. അവന്റെ തന്നെ തിരഞ്ഞെടുപ്പ്, റൂഹുൽ ഖുദ്സുമായി അവൻ ഒരു ഖലീഫത്തുല്ലായെ സ്ഥാപിച്ചു. ഒരു പരിഷ്ക്കർത്താവിനെ, ഇസ്ലാമിക ദൂതനെ, ലോകത്തിനായി സമർപ്പിച്ചു. അവൻ അവനെ അണിയിച്ചൊരുക്കി (എന്നെ അണിയിച്ചു) ഇന്റർനെറ്റിന്റെയും വെബ്സൈറ്റിന്റെയും രൂപത്തിൽ ഉന്നതമായ സങ്കേതിക വിദ്യ പെട്ടെന്നുള്ള ആശയവിനിമയ രൂപത്തിൽ ഈ ലോകത്തെ നിയന്ത്രിക്കുവാൻ കൈകൊണ്ട് ഒരു ക്ലിക്ക് മതി എന്ന രൂപത്തിലാക്കി! വിശിഷ്യാ സ്വാത്വികരും നിഷ്ക്കളങ്കരുമായ എല്ലാ വിശ്വാസികളും അല്ലാഹുവിന്റെ ആത്മീയ നെറ്റ് വർക്കിന്റെ ഭാഗമായി തീരുവാൻ അൽഹംദുലില്ലാഹ്! അപ്പോൾ അങ്ങനെ മുസ്ലിഹ് മൗഊദ് (റ)ന്റെ ഈ വാക്ക്, എല്ലാ പ്രഭാവത്തോടെയും പൂർത്തിയാവുകയുണ്ടായി. ഈ വിനീത ദാസർക്ക് 40-ാമത്തെ വയസ്സ് പൂർത്തിയായപ്പോൾ, ഒരു പുതിയ നൂറ്റാണ്ടിൽ (സൂര്യവർഷമോ ഇസ്ലാമിക് വർഷമോ ആകട്ടെ) ഒരാൾ ഒരിടത്ത് ഇരുന്ന് എല്ലാം നിയന്ത്രിക്കുവാൻ കഴിയുന്ന കാലം! പ്രസ്തുത വ്യക്തിയെ അല്ലാഹു(ത) 2004ൽ ഈ നൂറ്റാണ്ടിലെ മുസ്ലിഹ് മൗഊദായും ഉയർത്തുകയുണ്ടായി, ആത്മീയതയുടെ വെളിച്ചത്തിൽ ഈ വ്യക്തി, ഇസ്ലാമിക പരിപ്രേക്ഷ്യത്തിൽ, മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിന്റെ അടിസ്ഥാനത്തിൽ, മുസ്ലിഹ് മൗഊദ് (അ)ന്റെ വീക്ഷണത്തിൽ, പ്രസ്തുത കാര്യം ഇവിടെ പൂർത്തീകരിക്കുകയാണുണ്ടായത്, അല്ലാഹു അക്ബർ!

മുസ്ലിഹ് മൗഊദ് ഹസ്രത് മിർസാ ബശീദുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)ന്റെ കാലത്ത്, അല്ലാഹു (ത) അത്തരം ഒരു വാക്ക് അദ്ദേഹത്തിലൂടെ പറയിപ്പിക്കുകയുണ്ടതായി നാം മനസ്സിലാക്കുന്നു. അത് മറ്റൊരു മുസ്ലിന് മൗഊദിന്റെ ജീവിതകാലത്ത് എല്ലാ പ്രഭാവത്തോടെയും പുലരുന്നതായി നാം കാണുന്നു. പ്രസ്തുത പ്രവചനകാലത്ത് ഉച്ചഭാഷണി ഒരു വലിയ കണ്ടുപിടിത്തമായിരുന്നു. ആശയവിനിമയ രംഗത്ത് ഒരു വലിയ മാധ്യമമായി മാറി, ഇതുണ്ടായതു ജനുവരി 07നായിരുന്നു. 1994 ജനുവരി 7ന്! രണ്ടാമത് ഒരു മുസ്ലീഹ് മൗഊദായും ഖലീഫത്തുല്ലാഹ് ആയും അല്ലാഹു(ത) തെരഞ്ഞെടുത്ത ഒരു വ്യക്തി അതാ

യത് ഞാൻ അല്ലാഹു(ത) അദ്ദേഹത്തെ കൊണ്ട് ചിന്തിപ്പിക്കുന്നു. എന്നിട്ട് പ്രസ്തുത ചിന്ത പങ്കുവെപ്പിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ 4-ാം ഖലീഫയുടെ ശ്രദ്ധയിൽപെടുത്തിയ കാര്യം! ലണ്ടൻ, ഇംഗ്ലണ്ട് മൗറിഷ്യസിനെക്കാൾ എത്രയോ വലിയ വികസിതരാജ്യം ആണെങ്കിലും അല്ലാഹു(ത) മൗറിഷ്യസിനെ തന്നെ തെരഞ്ഞെടുത്തു, അവന്റെ ദൂതനെ അവൻ അവിടെ നിന്നും തെരഞ്ഞെടുത്തു. അതവന്റെ വിധി ആയിരിക്കാം (അവന്റെ പ്രതിനിധിയെ തെരഞ്ഞെടുക്കുക എന്നത്) ലോകമെങ്ങും 24/7 മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ ആരംഭിക്കുക എന്നത്. അതും ജാനുവിര് 07ന് തന്നെ അതായത് ഒരാൾ ഒരിടത്ത് എഴുന്നേല്ക്കുക എന്നിട്ട് എല്ലായിടത്തും ഭരണം നടത്തുക. ഈ ചെറിയ ദ്വീപിൽ മൗറിഷ്യസിൽ മറ്റൊരു മുസ്ലിഹ് മൗഊദ് ജനിക്കുക. ബുദ്ധിമാൻമാർക്ക് ഇതിൽ ചിന്തിക്കുവാൻ പല കാര്യങ്ങളുമുണ്ട്.

ആഴത്തിൽ ചിന്തിച്ചാൽ, ഹസ്രത് മിർസാ താഹിർ അഹ്മദ് പ്രസ്തുത അനുഗ്രഹീത വ്യക്തിയാകാൻ ആഗ്രഹിച്ചിരുന്നു. ഹസ്രത് മസീഹ് മൗഊദ് (അ) പ്രവചനം ചെയ്തിരുന്നതാണ്. അദ്ദേഹത്തിന്റെ പിതാവായ ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) അദ്ദേഹത്തിന്റെ വീക്ഷണത്തിൽ മുസ്ലിഹ് മൗഊദ് ആയിരുന്നില്ല. ഇവിടെ പറയുന്നത് ഒരു ദുആയെ കുറിച്ചാണ്. 2000ലെ ജൽസാ സലാനയിൽ അവസാന ദിനമായ, മൂന്നാം ദിവസം അദ്ദേഹം ചെയ്ത ഒരു ദുആ. അതായത് 2000 ജൂലൈ 30ന്, അബ്ദുൽ ഗഫ്ഫാർ ജൻബാഹ് സാഹിബ് 2018 നവംബർ 23-ാം തീയതിലെ വെള്ളിയാഴ്ച ഖുത്തുബയിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്.

വാർഷിക സമ്മേളനത്തിന്റെ അവസാന പ്രസംഗത്തിൽ ഹസ്രത് മിർസാ താഹിർ അഹ്മദ് അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ, മുഴുവൻ ജമാഅത്തിനോടും ആവശ്യപ്പെടുകയുണ്ടായി. അങ്ങനെ ആയാൽ മുബാറക്ക് വജൂദ് അനുഗ്രഹീതവ്യക്തി എന്ന പ്രവചനം അദ്ദേഹത്തിലൂടെ പ്രകാശമാകട്ടെ എന്നും അങ്ങനെ അദ്ദേഹം അനുഗ്രഹിക്കപ്പെട്ട വ്യക്തി ആകട്ടെ എന്നും ആശിച്ചു. ഡൽഹിയിലെ എന്റെ ഒരു അനുയായി ഈ കാര്യം എന്റെ ശ്രദ്ധയിൽ കൊണ്ടു വരികയുണ്ടായി. അതിൽ അദ്ദേഹം ഹസ്രത് മുകർറം ഫസിൽ ജമാൽ സാഹിബ് പറഞ്ഞു. ഹുസൂർ ഓർക്കുന്നുണ്ടല്ലോ, ഇംഗ്ലണ്ടിലെ 2000ലെ ജൽസ

യിൽ, രണ്ടാം ദിനം ഹുസൂർ(*atba*) നെ, ഷെചെല്ലീസിലെ അനുപമ മായ സേവനങ്ങൾക്കും സംഭാവനകൾക്കും നാലാ ഖലീഫ പ്രത്യേക മായ നിലയിൽ അംഗീകരിക്കുകയും ആദരിക്കുകയുമുണ്ടായല്ലോ. അതേ ജല്സയിൽ, തൊട്ടടുത്തദിനം, സമ്മേളന അന്ത്യദിനത്തിൽ ഖലീ ഫത്തുൽമസീഹ് നാലാമൻ, തനിക്കുവേണ്ടി വളരെ വിനയാന്വിതമായ നിലയിൽ ദുആ ചെയ്യുവാൻ ജമാഅത്തിനോട് ആവശ്യപ്പെടുകയുണ്ടായ ല്ലോ. വാഗ്ദത്തമസീഹ്(അ) ന്റെ പ്രവചനങ്ങളിൽ നിന്നും, നാലാം ഖലീഫ മനസ്സിലാക്കിയതായി മനസ്സിലാക്കുന്നു. അതായത് ഒരു മുബാ റക് വജൂദ് അനുഗ്രഹീതവ്യക്തി ദൈവീക പ്രതിനിധി, വാഗ്ദത്തമസ്സീഹ് (അ)ന്റെ സന്താന പരമ്പരയിൽ നിന്നു ഉണ്ടാകുന്നതാണ്. അദ്ദേഹം അത് താനാകാനായി ആഗ്രഹിച്ചിരുന്നു. അല്ലാഹു(ത) അത്, അത്തരം പ്രത്യേകമാക്കപ്പെട്ട അനുഗ്രഹം, തന്റെ മേൽ ചൊരിയാനായി ആഗ്രഹി ച്ചിരുന്നു. ഇത് ചിന്തിക്കുവാനുള്ള രസകരമായ ഒരു ദൃഷ്ടാന്തമായി ഇതിനെ ഞാൻ മനസ്സിലാക്കുന്നു.

എന്റെ അനുചരൻ ഹസ്രത് മുകർറം ഫസിൽ ജമാൽ സാഹി ബിന്റെ ഈ നിഗമനം തന്നെ വളരെ ആഴത്തിലുള്ള ചിന്തയെ പ്രതിഫ ലിപ്പിക്കുന്നതാണ്. ഇത്, പരേതനായ മൗലാന അഹ്മദ് ഷാ നുറാനിയെ കുറിച്ച് ഓർക്കുവാൻ എന്നെ നിർബന്ധിതമാക്കുന്നു. ലോക ഇസ്ലാമിക് മിഷൻ അധ്യക്ഷനായിരുന്നു അദ്ദേഹം. ഞാൻ മുമ്പ് പറഞ്ഞതുപോലെ, .ഷാ അഹ്മദ്, നൂറാനി, അദ്ദേഹം പതിനഞ്ചാം നൂറ്റാണ്ടിലെ മുജദ്ദിദാ ണെന്ന് സ്വയം പ്രഖ്യാപിക്കുകയുണ്ടായി. ഈ പ്രഖ്യാപനത്തെപറ്റി അദ്ദേഹം ഒരു പുസ്തകം പ്രസിദ്ധീകരിക്കാനുള്ള നടപടിപൂർത്തിയായി അധികം താമസിയാതെ അദ്ദേഹം മരണപ്പെടുകയുണ്ടായി. അപ്പോൾ അദ്ദേഹത്തിന്റെ അനുചരന്മാർ പ്രസ്തുത പുസ്തകം മറച്ചു വെയ്ക്കു കയുണ്ടായി. അദ്ദേഹത്തിന്റെ അനുചരന്മാരിലും മുഹമ്മദ് മുസ്തഫ (സ) യുടെ സമുദായത്തിലും ഒരു തർക്കമുണ്ടാകാതിരിക്കാൻ ഈ മനോഭാ വത്തിൽ എന്തു നന്മയാണില്ലാത്തത്? അവരെ സംബന്ധിച്ചിടത്തോളം അവരുടെ ഗ്രന്ഥം അവർക്ക് മറച്ചുവെയ്ക്കാം, അതിന്റെ മേൽ ഒരു നിരൂ പണവും പാടില്ല. എന്നാൽ അവർ, നമ്മെ, അഹ്മദികളെ കുറ്റപ്പെടുത്തു കയും ചെയ്യുന്നു. നമ്മൾ മസീഹ് മൗഊദ് (അ) ന്റെ എല്ലാ ഗ്രന്ഥങ്ങളും പരിഭാഷ ചെയ്യുന്നതാണ്. അദ്ദേഹം പറഞ്ഞതും പ്രഖ്യാപിച്ചതും ഏതു

സാഹചര്യത്തിലാണ് എന്ന് നാം വ്യക്തമായും മനസ്സിലാക്കുന്നതാണ്. ഇതിനെ വാക്കർത്ഥമായിട്ടില്ല. അതിൽ അടങ്ങിയിരിക്കുന്ന പൊരുൾ ആണ് വ്യക്തമാകേണ്ടത്. ഹസ്രത് മുഹമ്മദ് (സ) യെക്കാളും ശ്രേഷ്ഠനായ ആളാണ് എന്ന നിലയിലല്ല നാം മനസ്സിലാക്കേണ്ടത് (തഊദ്ബില്ലാഹമിൻ ദാലിക്)

ഹസ്രത് മിർസാ താഹിർ അഹ്മദ് ചെയത് ഈ അർത്ഥനകൾ, അത് അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ ഭാഗമായിരുന്നു. അതായത് ജമാഅത്ത് അഹ്മദിയ്യായിലെ മനുഷ്യർ തെരഞ്ഞെടുക്കുന്ന എല്ലാ ഖലീഫമാരും മുജദ്ദിദുമാരായിരിക്കും ലോകാവസാനംവരേക്കും എന്നതായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. എന്നാൽ അദ്ദേഹത്തിന്റെ ഈ ചിന്താധാര അടിമുടി തെറ്റിപ്പോയി. അദ്ദേഹം ഒരു ദുആ ചെയ്തു. അതെ, എന്നാൽ അല്ലാഹു(ത) അവന്റേതായ നിലയിൽ അവന്റെ ഒരു പ്രതിനിധിയെ അവൻ തെരഞ്ഞെടുത്തു. അദ്ദേഹം അതായത് ഹസ്രത് മിർസാതാഹിർ അഹ്മദ് അന്താരാഷ്ട്രതലത്തിൽ മുഴുവൻ ജമാഅത്തിന്റെയും മുൻപിൽ വെച്ച് പ്രസ്തുത വ്യക്തിയെ ബഹുമാനിച്ചു. പ്രസ്തുത വാർത്ത മുസ്ലിം ടെലിവിഷൻ അഹ്മദിയ്യായിലൂടെ മുഴുവൻ ലോകത്തെയും കേൾപ്പിച്ചു. ജനുവരി 7ന് ആഗോളമായി ആരംഭിക്കുകയുണ്ടായി. അദ്ദേഹം ചെയ്ത ദീനി പ്രവർത്തനത്തെയാണ് ആദരിക്കപ്പെട്ടത്. അന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അദ്ദേഹം എന്റെ മേൽ ശാപം ചൊരിഞ്ഞുവെങ്കിലും, ഇന്ന് ഞാൻ നിങ്ങളുടെ മുൻപാകെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നില്കുകയാണ്. എന്റെ ജീവിതകാലത്തു തന്നെ അദ്ദേഹം മരണപ്പെടുകയുണ്ടായി. ഞാനിത് ഒരിക്കലും ഗർവോടെ പറയുന്നതല്ല, മറിച്ച് ചിന്തിക്കുവാൻ വകയുള്ളതുകൊണ്ട് പറഞ്ഞു എന്നു മാത്രം (സത്യംഗ്രഹിക്കുവാൻ ആഗ്രഹമുള്ളവർക്ക്)

അദ്ദേഹം (വിനയത്തോടെ) അംഗീകരിക്കുകയുണ്ടായി അദ്ദേഹം അറിവില്ലാത്തവനും ന്യൂനതയുള്ളവനുമാണ് എന്ന് (1995 ഫെബ്രുവരി 19നുള്ള ദർസുൽഖുർആന്റെ അവസാനം) എന്നിരുന്നാലും അദ്ദേഹം ദാർഷ്ട്യക്കാരനും, അല്ലാഹു നിയോഗിച്ച ഒരാളെ അംഗീകരിക്കുന്നതിനെ നിരാകരിക്കുകയും ചെയ്യുകയുണ്ടായി) അതിയായ അസൂയയാണ് അദ്ദേഹത്തെ ഭരിച്ചത്. ഇബ്ലീസ് അതിയായ അസൂയ കാണിച്ചതുപോലെ! റൂഹുൽ ഖുദ്സുമായി അവന്റെ ഖലീഫത്തു

ല്ലാഹ്‌യെ, ഹസ്രത് ആദം(അ)നെ സൃഷ്ടിച്ച് നിയോഗിച്ചപ്പോൾ! എന്താ യാലും സംഭവിച്ചത് വളരെ ദൗർഭാഗ്യകരമായിപ്പോയി. എനിക്കദ്ദേഹ ത്തോട് വളരെ വിലിയ ആദരവും സ്നേഹവുമായിരുന്നു. അദ്ദേഹ ത്തിന്റെ കാലത്തിലെ അഹ്മദിയ ജമാഅത്തിന്റെ ആത്മീയ നേതാവ് എന്ന നിലയിൽ. എന്നാൽ അദ്ദേഹം ദാർഷ്ഠ്യത പ്രകടിപ്പിച്ചപ്പോൾ, മസീഹ് മൗഊദ് (അ)ന്റെ പ്രവചനങ്ങളെ തെറ്റായി വ്യാഖ്യാനിച്ചപ്പോൾ, ഹസ്രത് മുഹമ്മദ് മുസ്തഫാ (സ)യുടെ മുജദ്ദിദീങ്ങൾ ഓരോ നൂറ്റാണ്ടിലും വരുന്നതാണ്, എന്നതിനെ നിരാകരിച്ചപ്പോൾ, ഹസ്രത് മൂസ(അ)യെ ഫറോവയെ നേരിടാൻ അല്ലാഹു(ത)ഉയർത്തിയതുപോ ലെ, മൂസ(അ) ന്റെ വളർത്തുപിതാവായിരുന്ന ഫറവോ, അല്ലാഹു(ത) എന്നെ അവന്റെ ഉപകരണമായി ഉപയോഗിച്ചു. ഹസ്രത് മിർസാ താഹിർ അഹ്മദി ന് അല്ലാഹു(ത) അദ്ദേഹത്തിന് മാപ്പ് ചെയ്യട്ടെ ശരിയായ പാത കാണിക്കുവാനായി, എന്നാൽ അദ്ദേഹം ഇതിന്റെ നേരെ ബധിരനായി തിരിയുകയാണ് ചെയ്തത്. ഞങ്ങളെ നിസാമെ ജമാഅത്ത് അഹ്മദി യ്യയിൽ നിന്ന് (മുനീർ അഹ്മദ് അസീം, സഫദുല്ലാഡുമൂൺ സാഹിബ്) പുറത്താക്കുകയാണ് ചെയ്തത്. എന്നിട്ടദ്ദേഹം പറഞ്ഞു. ജമാഅത്ത് ലോകമെങ്ങും മുന്നോട്ട് കുതിക്കുയാണ്. ലക്ഷക്കണക്കിന് ആളുകൾ വന്നുകൊണ്ടിരിക്കുന്നു. ഈ രണ്ട് പേർ പുറത്തുപോയാൽ ജമാഅ ത്തിന് ഒന്നും സംഭവിക്കുകയില്ല. വളരെ ദാർഷ്ഠ്യത്തോടെ ഞങ്ങളോടു പറഞ്ഞു. നിങ്ങൾ പോയി നിങ്ങളുടേതായ ജമാഅത്ത് രൂപകരിക്കുക.

എന്നാൽ അല്ലാഹു(ത) തന്റെ പ്രതിനിധിയോട്, അദ്ദേഹം പറ ഞ്ഞതിനെ അംഗീകരിച്ചില്ല. അവനാണ്, അവൻ മാത്രമാണ്, എന്നെ സംരക്ഷിച്ചത്, എന്നിൽ ആത്മാർത്ഥമായി വിശ്വാസമർപ്പിച്ചവരെയും ഇന്നുവരെയും!ഇൻശാ അല്ലാഹ്! അവൻ വരും കാലങ്ങളിലും അവന്റെ അനുഗ്രഹവർഷം നമ്മുടെമേൽ ചൊരിയുന്നതാണ്. ഇസ്ലാമിന്റെ മഹത്വം നിലനിർത്തുന്നതാണ്. നമ്മിലൂടെ അതിന്റെ സ്ഥിരത സ്ഥാപി ക്കുന്നതാണ്. അവന്റെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലൂടെ! ഇൻശാ അല്ലാഹ്

ഹസ്രത് മസീഹ് മൗഊദ് (അ)തന്റെ ഒരു ലിഖിതത്തിൽ വിവരി ച്ചതുപോലെ, ഇത് വളരെ നിന്ദാപൂർണ്ണമായ, തെമ്മാടിത്തം നിറഞ്ഞ കാര്യമാണ്. വിവിധ മതസ്ഥാപകരായ ആദരണീയരായവരെകുറിച്ച്

ആക്ഷേപകരമായ വാക്കുകൾ ഉപയോഗിക്കുന്നത്. ദൈവം അവന്റെ അനന്തമായ വൈജ്ഞാനികതയാൽ അവന്റെ സ്വന്തം പ്രത്യേകമായ ഇച്ഛയാൽ, ആളുകൾക്ക് വഴികാട്ടികളായും, നേതാക്കന്മാരായും ആളുകളെ നിശ്ചയിക്കുകയാണ്. ഇപ്രകാരം പ്രകാശപൂരിതമായി തീരുന്ന അവരുടെ ആത്മാക്കളിലൂടെയാണ് ലോകം അനുഗ്രഹീതമായി തീരുന്നതും, അതിലൂടെ ദൈവീക ഏകത്വത്തിന്റെയും ദൈവീകാരാധനയുടെയും പ്രകാശം പരക്കുകയും ചെയ്യുന്നു. അവരുടെ ശക്തമായ അധ്യാപനങ്ങളിലും സൃഷ്ടി പൂജയുടെയും വിഗ്രഹാരാധനയുടെയും വേരറുത്തുകളയുന്നു. സൃഷ്ടി പൂജയും വിഗ്രഹാരാധനയും എല്ലാത്തരം തിന്മകളുടെയും മാതാക്കളാകുന്നു. ലോകത്തിന്റെ കൂടുതൽ ഭാഗങ്ങളിൽ നിന്നും അവയെ നിഷ്ക്കാസനം ചെയ്യപ്പെടുന്നത് പ്രസ്തുത അധ്യാപനത്തിലൂടെയാകുന്നു. ഉണങ്ങിയ വൃക്ഷത്തിന് പുതുജീവൻ നല്കുന്നതുപോലെ അവരാണ് ഏകദൈവ ആരാധനയുടെ സ്മരണ കൊണ്ടുവരുന്നത്. തകർന്നു കിടക്കുന്ന ഏകദൈവാരാധന സൗധത്തെ ശക്തമായ അടിത്തറയിൽ വീണ്ടും ഉയർത്തിനിർത്തുന്നത്. അവരെ അവൻ അവന്റെ തന്നെ ഹിതകരമായ സംരക്ഷണയിൽ നിലനിർത്തുന്നു. അവരെ നല്ലനിലയിൽ അവൻ പിന്താങ്ങുന്നു. അവർക്കെതിരിൽ ലക്ഷങ്ങൾ അണിനിരന്നാലും ശരി! അവർ നിർഭയരായി നിലകൊള്ളുന്നവരാകുന്നു. അവരുടെ ദൗത്യത്തിൽ അവർ ദൃഢചിത്തരായിരിക്കും. എല്ലാ വിപത്തിൽ നിന്നും ദൈവം അവരെ സംരക്ഷിക്കുന്നതാണ്. എല്ലാ കുതന്ത്രശാലികളുടെയും പദ്ധതികളെ അവൻ പരാജയപ്പെടുത്തുന്നതാണ്. അങ്ങനെ ഒടുവിൽ അവർ ഭൂമിയിൽ സത്യം സ്ഥാപിക്കുന്നതാണ്. ഇത്തരം ദൈവപ്രതിനിധികളെ ശപിക്കുന്നത്, ദൈവ വിചാരമില്ലാത്തവരുടെ പ്രവർത്തിയാണ്. അനുയോജ്യമല്ലാത്ത പ്രവർത്തിയാണ്. ധിക്കാരപരമായ കാര്യവുമാണ്. P. 110:ബറാഹീനെ അഹ്മദിയ്യ; Part I &II, UK: ഇസ്ലാം ഇന്റർനാഷണൽ പബ്ളിക്കേഷൻസ് ലിമിറ്റഡ് (2012)

ഇതിലെല്ലാം ചിന്തിക്കുന്ന ജനതയ്ക്ക് പാഠങ്ങളുണ്ട്. ആരാണ് ഇതിൽ നിന്നും പ്രയോജനം നേടുന്നത്? സത്യാന്വേഷികൾ, ബുദ്ധിഉപയോഗിക്കുന്നവർ മാത്രമായിരിക്കും പ്രയോജകർ. അവരുടെ ബുദ്ധിയും മനസ്സും ഉപയോഗിക്കുന്നവർ, അവർക്ക് ചിലപ്പോൾ വലിയ വിദ്യഭ്യാസമൊന്നും കാണില്ലായിരിക്കാം, എഴുതാനും വായിക്കാനും അറിയാത്തവ

രുമായിരിക്കാം, എന്നാൽ അവരുടെ മനസ്സുകളെ ശുദ്ധീകരിച്ചിട്ടുണ്ടാകും, സത്യം അംഗീകരിക്കുവാനും സ്വീകരിക്കുവാനുള്ള കഴിവ് അല്ലാഹു(ത) അവർക്ക് നല്കിയിട്ടുണ്ടാകും. അല്ലാഹുവിന്റെ അനുവാദമില്ലാതെ, ആർക്കും വിശ്വസിക്കുവാൻ കഴിയുകയില്ല. അല്ലാഹു(ത) ഉദ്ദേശിക്കുന്നവരെ, അവൻ നേർപാതയിലൂടെ നടത്തുന്നു. ഇസ്ലാമിന്റെ ഈ സത്യം അംഗീകരിക്കുകയും ആരാണോ കഠിനമായി യത്നിക്കുന്നത്, അവന്റെ ദൂതന്മാരെ അംഗീകരിക്കുന്നത്, എന്തു സംഭവിച്ചാലും ശരി ഇത് സ്വീകരിക്കുവാൻ മുന്നോട്ടുവരുന്നവരെ, നിശ്ചമായും അല്ലാഹു സഹായിക്കുക തന്നെചെയ്യുന്നതാണ്. അവർ എല്ലാവിധ ത്യാഗങ്ങളും സഹിക്കേണ്ടതായി വരും, അല്ലാഹുവിന്റെ പ്രീതി തങ്ങളിലേക്ക് ആവാഹിച്ചു കൊണ്ടു വരുന്നതിനായി, അവർ അല്ലാഹുവിനെ അനുസരിക്കേണ്ടതായിവരും, അവന്റെ ദൂതനെയും! അസാധാരണമായ നിലയിൽ! ഇൻശാ അല്ലാഹ്!

എല്ലാ സത്യാന്വേഷികളെയും, ബുദ്ധിഉപയോഗിക്കുന്നവരേയും, അഹ്മദി മുസ്ലിംകളും, അവർ ബുദ്ധി ഉപയോഗിക്കുമെങ്കിൽ, മുസ്ലിം ഉമ്മത്തിലെ എല്ലാവരേയും അവർ ബുദ്ധിഉപയോഗിക്കുമെങ്കിൽ, ഈ പ്രഭാഷണം നല്ല നിലയിൽ ഗ്രഹിക്കുവാൻ അല്ലാഹു(ത) നിങ്ങളെ സഹായിക്കട്ടെ! ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഈ സത്യം അംഗീകരിക്കുവാൻ മുന്നോട്ടുവരിക! അവിന്റെ ഖലീഫയാണ്, അവന്റെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമാണ് സമാഗതമായിരിക്കുന്നത് ഇൻശാ അല്ലാഹ് ആമീൻ!

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*